H.S. 1980

GOVERNMENT OF KERALA

കേരള
മലയാള പദ്യപാഠാവലി

പുസ്തകം 2

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE.

ഗവണ്മെൻറു നിയമിച്ച കമ്മിററി
തയ്യാറാക്കിയത്

(പകൎപ്പവകാശം ഗവണ്മെൻറിന്)

1959

H.S.1980

കേരള
മലയാള പദ്യപാഠാവലി

പുസ്തകം 2

GOVT. TRAINING SCHOOL KOTTAYAM. KERALA STATE

ഗവണ്മെൻറു നിയമിച്ച കമ്മിററി തയ്യാറാക്കിയത്

(പകർപ്പവകാശം ഗവണ്മെൻറിന്)

1959

വില 37 nP.

Printed by

S. T. REDDIAR & SONS, V. V. PRESS, QUILON

©

THE GOVERNMENT OF KERALA

1959

കേരള
മലയാള പദ്യപാഠാവലി

പുസ്തകം II

1. ഈശ്വരൻ—എൻ. കുമാരനാശാൻ
2. പണ്ടത്തെപ്പാട്ടുകൾ—വള്ളത്തോൾ നാരായണമേനോൻ
3. മലയവിലാസം—ഏ. ആർ. രാജരാജവർമ്മ
4. കവിയും കീർത്തിയും—ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
5. തങ്കത്തിൻെറ അമ്മ—കുററിപ്പുറത്തു കേശവൻനായർ
6. വിളംബരം—ജീ. ശങ്കരക്കുറുപ്പ്
7. വീരഭാഷണം—വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
8. ആ പുഞ്ചിരി—കെ. കെ. രാജാ
9. കാട്ടാറിൻെറ കരച്ചിൽ—ഇടപ്പള്ളി രാഘവൻപിള്ള
10. ചൊവ്വര ടി. ബി. യിൽ—എൻ. വി. കൃഷ്ണവാരിയർ
11. താജ്മഹൽ—എസ്സ്. കെ. പൊറെറക്കാട്ട്
12. ശിശു—എം. പി. അപ്പൻ
13. ദത്തപുത്രി—അക്കിത്തത്തു് അച്യുതൻ നമ്പൂതിരി
14. വൈക്കം കായലിൽ—വയലാർ രാമവർമ്മ
15. അനുജത്തി—ഓ. എൻ. വി. കുറുപ്പ്
16. ഏകകുടുംബം—കെ. മാധവിയമ്മ
17. ആദ്യത്തെ തീവണ്ടി—തിരുനല്ലൂർ കരുണാകരൻ

1

ഈശ്വരൻ

ഓമൽ പ്രഭാതരുചിയെങ്ങുമുയന്ന നീല-
വ്യോമസ്ഥലം, സ്വയമെരിഞ്ഞെഴുമക്കബിംബം,
ശ്രീമദ്ധരിത്രിയിവയെപ്പണിചെയ്ത കൈയിൻ
കേമത്തമോത്തിവന്ന നീർ കവിയുന്നു കണ്ണിൽ.

അന്തിച്ചുവപ്പുമലയാഴിയുമങ്ങിരുട്ടി-
ലുന്തിസ്ഫുരിക്കുമുഡുരാശിയുമിന്ദുതാനും
പന്തിയ്ക്കു തീർത്ത പൊരുളിൻെറ മനോവിലാസം
ചിന്തിച്ചെനിക്കകമലിഞ്ഞുടൽ ചീർത്തിടുന്നു.

ചേണുററു പൂത്ത വനമേന്തിയ കുന്നു ദൂരെ-
ക്കാണുന്നു പീലികുടയും മയിലിൻഗണംപോൽ.
താണങ്ങുവിണ്ണിൽ മഴവില്ലു ലസിപ്പു, വർണ്ണം
പൂണുന്ന പൈങ്കിളികൾ ചേർന്നുപറന്നിടുംപോൽ.

ഉല്ലോലമാമരുവി ദൂരെ മുഴങ്ങിടുന്നു,
ഫുല്ലോല്ലസൽസുമഗണം മണമേകിടുന്നു,
കല്ലോലമാന്നൊരു കയങ്ങളിൽനിന്നുപൊങ്ങി
നല്ലൊരു ചാരുകുളുർകാററു മണഞ്ഞിടുന്നു.

ഇക്കാമ്യവസ്തുനിര ചെയ്തതു, മിങ്ങതോരാ-
നൽക്കാന്ത്യമെന്നുടലുമേകിയതും, സ്വയംഞാൻ
ധിക്കാര്യമാർഗ്ഗമണയാതകമേ കടന്നു
ചുക്കാൻതിരിക്കുവതുമൊക്കെയൊരേ കരംതാൻ.

ഈലോക ഭോഗമതിന്നീശ!ജനിച്ചു ഞാൻ, നി–
ന്നാലോകഭാഗ്യമണയാനവകാശിയായി;
ന്നാലോതിയും സപദി മൽപ്രിയതാത! നിന്നെ
മാലോകർ ചൊല്ലിയുമറിഞ്ഞു വണങ്ങിടുന്നേൻ.

വമ്പിച്ച നിൻമഹിമയും കൃപയും നിനച്ചു
കമ്പിട്ടിടാത്ത തലയും ശിലയും സമം താൻ.
എൻപിച്ചുതീക്ക, യറിവായ് മനമാം വിളക്കിൻ
തുമ്പിൽ ജ്വലിക്കമഖിലേശ്വര! കൈതൊഴുന്നേൻ.

വെള്ളുവാടി] [എൻ. കുമാരനാശാൻ.

2

പണ്ടത്തെപ്പാട്ടുകൾ

നമ്മുടെ മാതാവു–കൈരളി–പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം,
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ–
റോടിക്കളിച്ചു രസിച്ചകാലം,
പെററമ്മ തന്നുടെ വെൺമുലപ്പാൽ തീരെ
വററിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം! 1

വൃത്തവ്യവസ്ഥയില്ല,ക്ഷരവ്യക്തിയി–
ല്ല,ത്ഥോപപത്തിയില്ലെന്നാകിലും
ആരാരെക്കോൾമയിർക്കൊള്ളിക്കില്ലിഗ്ഗീത–
മാരോമൽപ്പൈങ്കിളിക്കൊഞ്ചൽ പോലെ!
നാരായക്കൂർപ്പിനാൽ നൊന്തു ഞെരങ്ങിക്കൊ–
ണ്ടോരോരോ കീറോല തന്നിൽ വീഴാൻ
സംഗതി വന്നിട്ടില്ലിക്കൃതിക്കാ,ളുകൾ
സന്തതം നെഞ്ചേററി ലാളിക്കയാൽ!
കേട്ടു പഠിച്ചു പഠിച്ചു നടപ്പായ
പാട്ടിതു നമ്മൾക്കൊരന്യവേദം! 2

കൌരവ പാണ്ഡവരാജ്യവിവാദവും,
ശ്രീരാമ കാർമ്മുക ഞാണൊലിയും,
പാർവെന്ന തേനൻെറ വാൾ വീശൽച്ചീററവും
പാലാട്ട കോമൻെറ പ്രേമവീഴ്ച്ചും
പാക്കനാർ തന്നുടെയുൾപ്പൊരുൾത്തേട്ടലും
കേൾക്കാമിതിങ്കൽ നിന്നുൾക്കുളിർക്കെ !

പത്തമ്പതാളുകൾ വട്ടത്തിൽച്ചുററിക്കൊ–
ണ്ടുത്സവ വേളകളിൽ
നൽക്കര'ക്കോലടി'കൊണ്ടുതാളം പിടി–
ച്ചിഗ്ഗാഥയോരോന്നുറക്കെച്ചൊല്ലി
ഒത്തകാൽവെപ്പൊട്ടും 'മെയ്യ്'ഴകാണ്ടൊരു
നൃത്ത വിശേഷമതിക്കും നേരം
ആവത്തരീത്യാ ചലിക്കുമൊരുഞ്ഞാലി–
ലാട്ടുന്ന ഗീതിമാതെന്നു തോന്നും! 4

ജീവനോപായത്തിനായിപ്പുഴകളിൽ–
ക്കേവഞ്ചിയൂന്നുന്ന കേവലന്മാർ
നിത്യമിപ്പാട്ടു, നനഞ്ഞൊരു നൂൽപോലെ
നിജതൻ വക്ത്രത്തിലിട്ടിഴയ്ക്കേ,
രാവിൻെറ മൌനം പിളർത്തുമാനാദം പോയ്
ദ്യോവിൽ ചെന്നാഹ്ളാദസ്തബ്ധമാക്കും,
ചാരുവാം കിന്നരഗീതി ചെവിക്കൊണ്ടു
പോരുന്ന നക്ഷത്രപംക്തിയേയും! 5

കുമ്പിട്ടുനിന്നു കൃഷീശ്വരിതൻ തിരു–
മുമ്പിലായ് കാണിക്കവെയ്ക്കുംപോലെ
ഞാറുനടുന്ന നിരക്ഷരപ്പെണ്ണുങ്ങൾ
കുറൊടിപ്പാട്ടുകൾ നീട്ടിപ്പാടി,
മാരിയെപ്പുത്തുകലാക്കുന്നു! പാടത്തെ–
ച്ചേറിനെ കസ്തൂരിച്ചാറാക്കുന്നു ! 6

സംസ്കൃതഭാഷയോടുൾക്കൊണ്ട സഖ്യമാ–
ന്നുൽകൃഷ്ടകാൎയ്യവിചാരമോടും
മേവുമിക്കാലമെങ്ങ?—കളിക്കളത്തെങ്ങു?
ഭാവങ്ങളെത്രയും മാറിയല്ലോ.
ഇപ്പൊഴ്തപ്പച്ചപ്പാട്ടുകളെന്നമ്മ–
യ്ക്കല്പമൊരുൾത്തൃപ്തി ചേർപ്പീലല്ലീ?
ഗ്രാമ്യങ്ങളാകിലുമഗ്ഗേയ കാവ്യങ്ങൾ
കാമ്യങ്ങൾ നാഗരികാഗ്രിമക്കും !
നൂതന നൂതന സംസ്കാരമോരോന്നു
നാൾതോറുമുണ്ടായ്വരട്ടെ നാട്ടിൽ,
കോകില കാകളിക്കെന്തുവാൻ വ്യത്യാസം?
ഏകമതാനന്ദമന്നുമിന്നും !!

3

മലയവിലാസം

ഇരുണ്ട നീണ്ടെന്തിതു ഹന്ത! നോക്കുവിൻ,
കരങ്ങളിട്ടന്നു കരപത്രമെന്നപോൽ
ഇടയ്ക്കിടെപ്പൊന്തിന ദന്തപംക്തിയാ-
ലൂടക്കി വാനാമൊരു ചെമ്പുപാളിയെ.

ജലേശ്വരൻ തന്നുടെ രാജധാനിയിൽ-
ബ്ബലത്തിനായ് തീർത്തൊരു കോട്ടതാനിതോ?
അതിങ്കലിസ്സന്ധ്യയുമക്കമൂർത്തിയാൽ
പതിച്ചിടുന്നോ പുതുതാഴികക്കുടം?

നിനച്ചിടുമ്പോൾ നിജനാട്ടിലെപ്പൊഴും
പൊഴിച്ചിടേണം മഴയെന്നൊരാശയാൽ
കരുത്തനാം ഭാർഗ്ഗവനന്നു ശേഖരി-
ച്ചെടുത്തു സൂക്ഷിച്ചൊരു മേഘമാലയോ?

അഹോ! മറന്നേൻ ബത! ദിഗ്ഭ്രമത്തിനാൽ
മഹാചലേന്ദ്രൻ മലയാളി താനിവൻ;
കുലച്ചൊരേലക്കൊടിയിൽക്കളിച്ചിതാ
കുതൂഹലത്താടണയുന്നു മാരുതൻ.

കുനിച്ചിടുന്നെന്തിനു നീ, കഥിക്കെടോ
ഗിരീന്ദ്ര! തെക്കോട്ടു തുടന്നിടും മുടി?
കുമാരി ഗേഹത്തിലമന്നു വാഴുമ-
ക്കുമാരിയെക്കുമ്പിടുവാൻ തുനിഞ്ഞതോ?

മനസ്സിലായ്പോയി ഭവന്മനോഗതം;
വയസ്യനാം വിന്ധ്യനു വന്ന ദുർഘടം
സ്മരിച്ചുടൻ സിന്ധു നുകന്ന മാമുനി-
പ്രധാനിതൻ ശിഷ്യകളോടിണങ്ങി നീ.

കുതിച്ചു പായും കടുവാക്കിടാങ്ങളും
മദിച്ചു മണ്ടും കളഭപ്രവീരരും
കളിച്ചു വാഴുന്നൊരു കാനനങ്ങളാ-
ലസഹ്യനാം നീ ബത! സഹ്യനാണുപോൽ!

തരംകിടച്ചാൽ പരഹിംസ ചെയ്യുമ-
ത്തരക്ഷുവിന്നും മറവന്നുമൊന്നുപോൽ
ഇടംവസിപ്പാൻ നെടുനീളെയങ്ങു നീ
കൊടുപ്പതയ്യോ ബത! കഷ്ടമെത്രയും.

അല്ലെങ്കിലായതിലുമില്ലൊരു ദോഷമോർത്താ-
ലത്യന്തമുന്നതതര സ്ഥിതിയുള്ളവർക്ക്
തൻപാദമൂലമൊരുവൻ ശരണം ഗമിച്ചാൽ
കൈക്കൊണ്ടു കാത്തരുളിടേണ്ടതു കൃത്യമല്ലോ.

ബംബാപുരംതൊട്ടിഹ കന്യയോള-
മമ്പോ! ഭവാൻ നീണ്ടുയരാതിരുന്നാൽ
മിണ്ടാതെ മൈസൂക്കടുവായിതൊക്കെ-
പ്പുണ്ടേ പെരും പ്രാതലിനാക്കിയേനേ!

കീഴിലൂഴിവഴിയെപ്പൊഴും പുഴക-
ളാഴിയോളമിഹ ചാണ്ടിയും
മേലിലങ്ങു മുകിൽമാലമൂലമഴ-
ലുമ്പൊഴൊക്കെ മഴ ചിന്തിയും

കാത്തുകൊണ്ടിവിടെ നീയൊരുത്തനിതു
മാതിരിക്കു മരുവാസ്ഥിലോ
കിട്ടുകില്ല ജലപാനമിക്ഷിതിയി--
ലഷ്ടിപോലുമഥ കഷ്ടിയാം.

ഗോവർദ്ധനാദ്രിയെയെടുത്തുപിടിച്ചു കൃഷ്ണൻ
ഗോഗോപരെസ്സപായമൊരേഴുദിനം തുണച്ചാൻ;
ഇന്നാട്ടിൽനാട്ടി മലാദ്രിയെയന്നു രാമ-
നെന്നേയ്ക്കുമിങ്ങിടവിടാതെ തുണച്ചിടുന്നു.

മലയവിലാസം] [ഏ. ആർ. രാജരാജവർമ്മ.

4

കവിയും കീർത്തിയും

I

അവനുമൊരു കാവ്യകൃത്തെത്രയോ കാലമാ-
യവളുടെ കടാക്ഷത്തിനാശിച്ചിരിപ്പവൻ;
അതനുതരവാസനാ വൈഭവം വാച്ചാലു-
മധനനൊരു പിൻതുണയ്ക്കാരുമില്ലാത്തവൻ;
അബലസമുദായാംഗമാകയാലെന്നാളു-
മപകരുണമന്യരാലാക്ഷിപ്തമാകുവോൻ;
പ്രഹതപഥ സഞ്ചാരശീലനല്ലായ്കയാ-
ലഹിതരെയുമൊട്ടേറെയാർജ്ജിച്ചുവെച്ചവൻ.

II

വെളിയിലൊരു വെൺമാടമുണ്ടതാ! കാണുന്നു
നളിനമിഴിതൻഗൃഹം, നാനാഗുണോജ്ജ്വലം
അവിടെയണയാനവൻ മുന്നോട്ടു കാൽവെയ്ക്കി-
ലവനുടെഗളത്തിലുണ്ടർദ്ധചന്ദ്രാഗമം.
പലരുമവിടെച്ചെന്നു പററുന്നു നിത്യവും
പലവഴിയിലന്നിലയ്ക്കർഹരല്ലാത്തവർ.
അവരെയരികത്തണച്ചാദരിച്ചീടുവാൻ
കുവലയദലാക്ഷിക്കു കൂസലില്ലേതുമേ.
തുനിവൊടവളെക്കണ്ടു ദൂരത്തു നിന്നവൻ
പ്രണയമധുശീകരം പ്രാർത്ഥിക്കുമക്ഷിയാൽ;
അവളവനെ നോക്കാതെ പോയിടും ഹന്ത! തൽ-
ക്കവനകല ദൂതികാകർമ്മാനഭിജ്ഞയോ?

III

ഒരു തവണ തോന്നിയപ്പാവത്തി“നൊന്നുകിൽ-
ക്കരുടിയിവളല്ലെങ്കിലുന്മത്ത നിർണ്ണയം.
വകതിരിവു തെല്ലുമില്ലാത്തൊരിപ്പെണ്ണിന്റെ
മുഖകമലമോർത്തും മോഹിച്ചതും മതി.”
ഉടനവനതിന്നു മേലോർത്തുപോയ് പിന്നെയും;
“കുടിലഘനകുന്തളേ! കോപിച്ചിടായ്ക നീ.
ഭവതിയുടെയോമനക്കൺമുനക്കോണിലാ-
ണിവനുടെയവിച്ഛിന്നമായിട്ടും യൗവനം.
കനിവതിനു കാലമായില്ലയോ? ദേവി! നീ
കനലെരിയുമെൻമനം കാണുന്നതില്ലയോ?”

IV

സരസമൊരുനാളവൻ തൻമുന്നിലെത്തിനാ-
ളരുവയർകുലത്തിന്നലങ്കാരമാമവൾ.
സ്വപ്നമിയലുന്നൊരസ്സുരി കേൾക്കുമ്മാറു
കൃപയൊടു കിനാവിലിഗ്ഗീരുരച്ചീടിനാൾ;
“അയി സുഭഗ! പേർത്തുമങ്ങാശ്വസിച്ചാലു, മെൻ
ദയിതനവിടന്നെന്നു തീർച്ചയായ് ചൊൽവു ഞാൻ
അഭിമതനസന്ദേഹമങ്ങെനിക്കെന്നാലു-
മഭിസരണയോഗ്യമാം വേള കാക്കുന്നു ഞാൻ.
അരികിലണയുമ്പൊഴേയ്ക്കുജ്ഞരാം ലോകർക്ക്
പരിചിലിവൾ തോന്നിടും പ്രാണാധിനാഥയായ്.
ക്ഷണമവരെ വിട്ടു ഞാൻ നീങ്ങിടും ദൂരെ,യ-
ത്ത്യണസമരിലെൻമനം തൃപ്തി കൈക്കൊള്ളുമോ?
മമ ഹൃദയ വല്ലഭന്മാരാം മഹാത്മാക്ക-
ളമരുമൊരു ദേശവും കാലവും ദുർല്ലഭം.

അവരിലൊരുവൻ ഭവാനെങ്കിലും തൽക്കാല—
മവധി ചെറുതത്ഥിപ്പനങ്കപാളിക്ക ഞാൻ.
ഇരവുവരണം; കലാനായകൻ തൻകരം
ധരയെയണിയിക്കണം ധൗതപട്ടാംബരം;
അനവരതമെന്നെയിട്ടീമട്ടലട്ടുന്ന
ജനവിതതി ദീർഘമാം നിദ്ര കൈക്കൊള്ളണം;
ദശവദനരിക്കൂട്ടർ ചൂഴുന്ന സീത ഞാ—
നശരണയൊരല്പം സ്വതന്ത്രയായ്ത്തീരണം;
അതുപൊഴുതിലങ്ങേസ്സമീപസ്ഥ ഞാനെത്തു—
മതനശരപീഡകൊണ്ടാകുലീഭൂതയായ്.

V

"തടിനിയുടെ വക്കത്തു കണ്ടുവോ നമ്മൾക്കു
തടവണുവുമില്ലാത്ത സങ്കേതമന്ദിരം—
സവിധഭുവി ജാതരാം സവ്ക്കമന്തത്തി—
ലവിരതശമം നൽകുമാരാമതല്ലജം—
കുഴിയുടെ നിരപ്പേതു കുന്നിന്നുമേകുന്ന
നിയതിയുടെ കന്ദുക ക്രീഡാങ്ഗണാങ്ഗണം—
അരികളെയിണങ്ങു ചേർത്തമ്മയാം ഭൂദേവി
പരിചിനൊട്ടുറക്കുന്ന ഭവ്യ ശയ്യാഗൃഹം—
ഖലരുടെ ഹൃദന്തവും കാണിനേരത്തേയ്ക്കു
മലരഹിതമാക്കും മഹർഷിവര്യാശ്രമം—
പിതൃവനം:—അതേ; ഭവാൻ പേടിപ്പതെന്തിന്നു?
മധുരിമയതിന്നുമേൽ മറെറന്തു മന്നിതിൽ?

VI

"പ്രിയതമ! ഭവാൻ കലാപ്രേമിയായ് ലോകേശ—
ദയിതയുടെ ചേവടിത്താർക്കുപ്പി നിത്യവും
ഒരു പൊഴുതുമെന്നെയോത്തുൽക്കണ്ഠ തേടാതെ-
യരിമയിൽ വസിക്കേണമാജീവനാവധി.

അതിനുപരി ഞാൻ കുറിച്ചുള്ളൊരസ്സങ്കേത-
സദനഭുവി സംവേശസൗഖ്യമാർന്നീടണം.
നിയതമൊരു നൂററാണ്ടു നീങ്ങവേ വന്നങ്ങു
ജയമുരളിയൂതി ഞാൻ ജാഗരം നല്കിടും.
അവിടെയൊരഭൗമമാം ഹീരസൗധം ചമ-
ച്ചുവിതഥരസം നാം രമിച്ചീടുമപ്പുറം.
അതിനുടെയഭിഖ്യയാലാകല്പകാലമീ-
ക്ഷിതിയൊരു മനോഹര ക്ഷീരാബ്ധിയായിടും.
വരുമവിടെയങ്ങയെക്കുമ്പിടാനിന്നുള്ളൊ-
രരികളുടെ മക്കളും മക്കൾതൻമക്കളും.
തവ തനുവിലിക്കൂട്ടർ വീഴ്ത്തുന്ന പൂഴികൊ-
ണ്ടവരുടെ നിലത്തെഴുത്തന്നു സാധിക്കണം.
പരിചിനൊടു ഭാവിയിന്നങ്ങയിൽത്തൂകുന്ന
കരിമഷിയെയന്നു നൽക്കസ്തൂരിയാക്കിടും.
ഒരു ശതകം—എന്തതിന്നോർത്താൽപ്പരീമാണം?
ഒരു കണമതോട്ടമിക്കാലസ്രവന്തിയിൽ!
കരടപിക ഭേദമെന്തെന്നു കാണിക്കുമ-
സ്സുരഭി സമയത്തിൻെറ സുപ്രഭാതാഗമം.
അവശത മനസ്സിൽ വേണ്ടങ്ങേയ്ക്കൊരല്പവും
കവനശരദംബരത്തിങ്കലെത്തിങ്കളേ!"

VII

കവി മിഴിതുറക്കവേ കണ്ടറഞ്ഞാൽ ഹന്ത!
സവിധഭുവി നിന്നൊരപ്സർവാംഗസുന്ദരി.
എവിടെയവളെന്നവൻ തേടീല, തദ്വാക്യ-
മവിരളമകക്കാമ്പിനാനന്ദമേകവേ,

അനഘനവനപ്പുറം തൽക്കലാകാന്തതാൻ
പ്രണയിനി-യധീശിത്രി-യാചാര്യ-ദൈവതം.
അവളെയനുരഞ്ജനം ചെയ്യവേ തൂകിനാ—
നവമതിയണപ്പോരിലല്പഹാസാങ്കുരം
കൊടിയ ചൂടലക്കളും കോൾമയിർക്കൊള്ളിക്ക—
മുടലൂടയൊരമ്മഹാനദ്ഭുത സാധ്വസൻ.

5

തങ്കത്തിൻെറ അമ്മ

"വരിക വാർതിങ്കളേ! താഴത്തു വരിക നീ
പെരികെത്തങ്കത്തിൻെറ നെററിമേൽചുംബിച്ചാലും."

ശ്രീലമാംവസന്തത്തിൽ സന്ധ്യയായപ്പോൾ സ്വച്ഛ-
നീലമാം വാനംപൂക്ക പൂർണ്ണചന്ദ്രനെനോക്കി,
ഓമനക്കിടാവിനെ മടിയിൽക്കിടത്തിക്കൊ-
ണ്ടോമനിച്ചമ്മയേവം കൊഞ്ചുന്നു മധുരമായ്.
ആരാമപുഷ്പഗന്ധമേററിക്കൊണ്ടിരുട്ടത്തു
ചോരനെപ്പോലെയപ്പോൾ വരുന്നു മന്ദാനിലൻ
തെരുവിന്നൊരുഭാഗം കുട്ടികളാഹ്ളാദിച്ചു
നിരുപദ്രവമായിച്ചിരിച്ചു കളിക്കുന്നു.
ഉറങ്ങാതൊരുകുയിൽ മാന്തോപ്പിൻ നിഴൽതന്നി-
ലിരുന്നു ലളിതമായ്പ്പാടുന്നു വിജനത്തിൽ.
താരങ്ങൾതിളങ്ങുന്ന വാനത്തെ നോക്കിത്തെല്ലു-
ള്ളരത്തായ്നിറംകൊണ്ട പീലികൾ പരത്തിയും
ചിലപ്പോൾ ചെന്തീപ്പൊരി ചിതറുന്നതായ്ത്തോന്നും
നിലയ്ക്കു നിലത്തവയടിച്ചുമൊരുമയിൽ
കർണ്ണസ്ഥൂലമാമൊരു കുഴലിൻ നാദത്തോടു
പൂർണ്ണസാദൃശ്യമുള്ള കേകയെ വളർത്തുന്നു.
അന്നേരംകൊച്ചമ്മതൻ കുഞ്ഞിനെ മടിയിൽവെ-
ച്ചുന്നതവരാന്തയിലിരുന്നു കൊഞ്ചീടുന്നു.
"വരിക വാർതിങ്കളേ! താഴത്തു വരിക നീ,
പെരികെത്തങ്കത്തിൻെറ നെററിമേൽചുംബിച്ചാലും."

ഒരിക്കൽച്ചന്ദ്രനേയു,മുടനേ തൻെറ കൈയി–
ലിരിക്കുംതങ്കത്തേയുമായവൾ നോക്കീടുന്നു.
ഹന്ത! ചന്ദ്രനീ വിളി കേൾക്കാത്തവണ്ണം തീരെ-
ശ്ശാന്തനായനങ്ങാതെ ചിരിച്ചു നിന്നീടുന്നു.
ചിരിയാലിളംപൈതലമ്മ ചൊന്നതേ ചൊല്ലീ;
"വരിക വാർതിങ്കളേ! താഴത്തു വരിക നീ!"
ആ നിലകണ്ടു താനേ മാതാവു ചിരിക്കുന്നു;
പൂനിലാവൊളിചിന്നും രാത്രിയും ചിരിക്കുന്നു:
പൈതലിൻ പിതാവായ ധന്യനാം കവി ഞാനും
പ്രീതനായ്ശ്രദ്ധമിതു കണ്ടിതാ ചിരിക്കുന്നു!

കാവ്യോപഹാരം]   [കുററിപ്പുറത്തു കേശവൻനായർ.

6

വിളംബരം

വേലനാളെ, ജ്ജഗത്തിന്നിന്നുത്സവ-
വേളയെന്നു വിളംബരം ചെയ്യുക!
വിക്രമിയായ് വിലസുമൃതുകുല-
ചക്രവത്തി വസന്തമെഴുന്നള്ളി;
ചിത്രവർണ്ണക്കൊടികളിളക്കിക്കൊ-
ണ്ടത്ര പാറിപ്പുളപ്പൂ പൂമ്പാററകൾ.

2

ഗാനം ചെയ്യിനപദാനമാവീര-
നാനന്ദത്തിൻെറ സാമ്രാജ്യമാകവേ
കൊള്ളചെയ്യല്ലീ വന്നിരിക്കുന്നത-
ങ്ങുള്ളതൊക്കെ യഥേച്ഛമരുളുവാൻ!
വേലനാളെ; ച്ചില നിമിഷങ്ങളാൽ
കാലത്തെ പിച്ചയാക്കിയയയ്ക്കുക!

3

'ലോകത്തിന്നിന്നൊഴിവു ദിവസമാ-
ണാകമാനം' പവമാനനിങ്ങനെ
സ്വാമിയാം വസന്തത്തിൻ വിളംബരം
ഭൂമിചുററി നടന്നറിയിക്കുന്നു.
ഇൗ മുതലിന്നവകാശമൊപ്പമാം;
നാമുണന്നതനുഭവിച്ചീടുക.

4

വീണക്കമ്പി മുറുക്കൂ, മുറുക്കുമൽ-
പ്രാണ പ്രേയസീ! പാടൂ മധുരമായ്;
ഗാനത്തിൻെറ ലഹരിയിലെന്നിലെ
ഞാനലിഞ്ഞലിഞ്ഞില്ലാതെയാവട്ടെ!
ജീവിതത്തിൻെറ തുലിട്ടാലെത്താത്ത
ഭൂവിലേയ്ക്കുതിൽ മുങ്ങി ഞാനെത്തട്ടെ!

5

ഹാ! നിയതിതന്നാജ്ഞയാൽ നിത്തിയോ-
രാനില വിട്ടിളകാത്ത കന്നുകൾ
കോകില ഗളനാളത്തിലൂച്ചത്തിൽ
കൂകിപ്പോകുന്നിതെന്തിനെന്നില്ലാതെ.
പാരതന്ത്ര്യത്തെയാനന്ദം സ്പർശിക്കെ-
പ്പാരമുണ്ടായൊരസ്വാസ്ഥ്യമായ് വരാം.

6

തുള്ളിടുന്നു വെളിച്ചം കടിച്ചുല
തള്ളിടുന്ന മദത്താൽ മലരുകൾ;
പുഞ്ചിരിത്തുകിനില്ക്കും പകലിൻെറ
കുഞ്ചിതാളകമാകും നിഴലുകൾ
സഞ്ചലിപ്പിച്ചു സീൽക്കൃതി പൂണ്ടിതാ
സഞ്ചരിപ്പൂ വിലാസി മന്ദാനിലൻ.

7

മെച്ചത്തിൽ പല പൂ വച്ചുതുന്നിച്ചു
പച്ചപ്പട്ടുടയാടയണിഞ്ഞിതാ,

കോമളാംഗത്തിലാകെയകാരണം
കോൾമയിർ മുളപൂണ്ടു മദാകുലം
കാനനസ്ഥലി നിൽപ്പൂ വിഹംഗമ-
സ്വാനത്താലേ ചിരിച്ചു കിലുകിലെ.

8

ലോകചിത്തം സമാക്രമിച്ചീടുന്ന
ശോകയോദ്ധാക്കളായുധം വയ്ക്കട്ടെ!
ജീവനേററമുറിവുണങ്ങീടട്ടെ!
കേവലമതിൻ പാടുമേ കാണാതെ.
ഈ വസന്തത്തിലാരാനും ദുഃഖിച്ചാൽ
ദൈവകോപമവനിൽ പതിയുമേ!

—o—

നാടക്കഴൽ]

ജീ. ശങ്കരക്കുറുപ്പ്.

7

വീരഭാഷണം

കല്പന കാത്തുംകൊണ്ടു
ഗദ്ഗദകണ്ഠത്തോടെ
തല്പത്തിന്നുപാന്തത്തിൽ
കൂപ്പുകൈയുമായ് നില്ക്കേ,
പ്രാണനിൽ പ്രാണനാം പൊ-
ന്നുണ്ണിതൻ മുഖംനോക്കി
ക്ഷീണസത്വനാം ഹൈദ-
രാലിഖാനോതീടിനാൻ:-

"കേൾക്കുക മകനേ, ഞാൻ
നിങ്കലർപ്പിക്കും രാജ്യ-
മൊക്കെയിൽ പൂർവ്വന്മാരിൽ
നിന്നു കിട്ടിയതല്ല.
കേവലമൊരു ഭടൻ,
നിർദ്ധനൻ, നിരാധാരൻ,
ജീവിതത്തെരുവിങ്ക-
ലങ്ങിങ്ങായലഞ്ഞവൻ,
ഏതിനും സന്നദ്ധമാം
സാഹസികത്വത്തോടു
ചാതുര്യം ഘടിപ്പിച്ചു
നേടിയ സമ്പത്തത്രേ.
ആവിധം കിട്ടും രാഷ്ട്ര-
മെന്നെന്നും നിലനിൽത്താൻ

ഭാവിതൻ പരിണാമം
സമ്മതിക്കുകയില്ല.
എങ്കിലും സമാസന്ന-
മാണതിൻ വിപത്തെന്ന
ശങ്കയാലധീരമ-
ല്ലെൻ ചിത്തമല്പംപോലും.
എന്തുകൊണ്ടെന്നോ? ചൊല്ലാം,
രാജ്യവാസികളെല്ലാം
സംതൃപ്തരത്രേ; ക്ലേശം
ലേശമില്ലവർക്കിപ്പോൾ.
നിൻ കുടുംബത്തിൽ ശത്രു-
വില്ലല്ലോ നിനക്കാതും
ചെങ്കോലിൻ മനോജ്ഞത
കണ്ടു കൈവശമാക്കാൻ.

"ശരിയിച്ചൊന്നതെല്ലാ-
മെങ്കിലും, മകനേ, നീ
നിരഹങ്കാരിയായി-
ജ്ജീവിപ്പാൻ മറക്കൊലാ.
ദൂരദൂരത്തായ് നിൻെറ
ദൃഷ്ടി നീ നീട്ടുക ഞ്ഞേ
ഭാരതം മുഗളന്മാ-
രാണ്ടിരുന്നില്ലേ മുന്നം?
ഡില്ലിയിൽ-പുരവ്രാത-
മാണിക്യമതല്ലിയിൽ-
സ്വർല്ലോക നാഥന്മാരെ-
പ്പോലവരുത്ഭാസിച്ചു.

അഗ്രഹം തോന്നീടാത്ത-
താക്കുവാനവർ തീർത്തോ-
രാഗ്രയാം പറുദീസ
ചുററിയൊന്നുലാത്തുവാൻ!'

ഔറംഗസേബിൻ വാഴ്ച-
യസ്തമിച്ചതിൻശേഷം
നൂറുന്തറായിത്തീർന്ന-
സ്സാമ്രാജ്യം തകൻന്നുപോയ്.

"ഇന്ത്യതൻ കഥയെല്ലാം
മാറിപ്പോയ്; ജനാവലി
സന്തതം വേർതിരിഞ്ഞു
കലഹിക്കുന്നു തമ്മിൽ.

'ഞങ്ങൾ തന്മാതാവേ, നീ
വെൽക,യെന്നനുമാത്രം
തിങ്ങിയ രാജ്യസ്നേഹ-
മിന്നേതോ പഴമയായ്.

തഞ്ചത്തിലെത്തുന്നുണ്ടി-
ങ്ങാക്രമിച്ചടക്കീടാൻ,
വഞ്ചിച്ചു കാര്യംനേടാൻ
വെള്ളക്കാരനാരതം.

'എന്തിനൈഹികചിന്ത?
പാവനം പരലോകം...'
ഹിന്ദുലോകത്തിൻ മന്ത്ര-
മെപ്പൊഴുമിതുമാത്രം.

മുറുകിത്തുടങ്ങുന്നു
ദാസ്യത്തിൻ കൊളുത്തുകൾ;
മുസൽമാൻ വർഗ്ഗത്തിനു
കണ്ടുനില്ക്കുവാൻ മേലാ.

"'പലതും പോയ്പോകട്ടേ;
ശാന്തിതൻ പെട്ടികളുള്ളിൽ
പണയം വെച്ചീടേണ്ട
പണ്ടമോ പൂരുഷത്വം?
ഇന്ത്യയെ പ്രത്യുദ്ധരി-
ച്ചേകരാഷ്ട്രമായ് കാണ്മാ-
നില്ലെനിക്കായുഷ്കാല-
മെന്നു ഞാനറിയുന്നു.
ശങ്കിയാതീലക്ഷ്യത്തി--
ലെത്തുക മകനേ, നീ
നിൻകരവാളത്താലും
നീതിവൈഭവത്താലും.
ലക്ഷോപലക്ഷം പടര-
രുള്ളൊരീ മൈസൂർ മന്നും,
ശിക്ഷിത വീരാത്മാക്ക-
ളായിട്ടും യോധന്മാരും,
വെള്ളിയാൽ, കനകത്താൽ
പൂർണ്ണമാം ഭണ്ഡാരവും,
അള്ളാവിൻ കരുണയും
നിൻജയം ത്വരിപ്പിക്കും."

മാനസപുത്രി] [വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.

8

ആ പുഞ്ചിരി

"പരദേശത്തിൽപ്പോയ
ശങ്കരൻ വന്നിട്ടുണ്ട്;
പതിതൻ ശവംതൊടും"
എന്നൊരാക്ഷേപം പൊന്തീ.

കല്പന നൽകീട്ടുണ്ടു
വൈദികാധികാരമ-
ക്കയ്യുള്ളിപ്പടിക്കക-
ത്തന്തണർ കടന്നില്ല!

മരിച്ചുകിടക്കുന്ന
മാതാവിന്നരികത്തോ
സ്മരിച്ചു വരുത്തിയ
മകനല്ലാതില്ലാരും.

കരയും ബന്ധുക്കളി-
ല്ലവിടെക്കുടക്കുടെ-
പ്പെരിയാറിനു പൊങ്ങും
ഗദ്ഗദംമാത്രം കേൾക്കാം.

കരക്കാർ വന്നിട്ടില്ല
വെട്ടിക്കൂട്ടുവാൻ, സ്വന്തം
കരത്താൽ മരം വെട്ടി-
ശ്ശങ്കരൻ ചിതകൂട്ടി.

മററൊരാൾം കൂടാനില്ല;
മാതാവിൻ ശവം വെച്ചു-
കെട്ടിയ മുളങ്കോണി
വലിച്ചുതാനേ തന്നെ.

മാതൃദേഹത്തോടൊപ്പം
മൂഢമാം മാമൂലിൻെറ
മാനവും ചിതാഗ്നിയി-
ലദ്ദേഹം ഹോമംചെയ്തു.

പ്രതിഭാപ്രഭാവത്താൽ
പ്പാരെല്ലാം ജയിച്ചൊരാ-
പ്രഥിതാദ്വൈതാചാര്യ-
നാദി ശങ്കരാചാര്യൻ.

എരിയും ശ്മശാനത്തെ
നോക്കിനില്ക്കവേ, മെല്ലെ
വിരിഞ്ഞു സാകൂതമാം
പുഞ്ചിരിയൊന്നാച്ചുണ്ടിൽ.

കത്തിയ ശവമൊന്നും
നഷ്ടമായ്പ്പോകുന്നില്ല,
മൃത്യുവിൽപ്പദാർത്ഥത്തി-
നൊന്നിനുമില്ലാ നാശം.

മരണത്തിലും ജന്തു-
ജീവിതം; ജഗത്തേതോ
പരമജ്യോതിസ്സിൻെറ
പാലലക്കടൽമാത്രം.

എരിയും ശ്മശാനത്തെ
    നോക്കിനിന്നപ്പോളന്ന-
ഗ്ഗുരുവിൻ ചുണ്ടത്തുനി-
    ന്നതിന്ന മൃദുഹാസം,

കാലമെപ്പൊഴു മൂതി-
    ക്കളയാൻ ശ്രമിച്ചിട്ടും
കാലടിയുടെ മണ്ണി-
    ലിപ്പൊഴും ചിന്തിക്കാണാം.

മണ്ണും വിണ്ണും]   [കെ. കെ. രാജാ.

9

കാട്ടാറിൻെറ കരച്ചിൽ

കുലഗിരിയൊന്നിൻ കഴൽ ചുംബിക്കുന്ന
നലമെഴുമൊരു നളിനി തന്നുള്ളിൽ
ഒളിച്ചിരുന്നു ഞാനൊരായിരം കൊല്ലം
വെളിച്ചമെന്നുള്ളതറിഞ്ഞിടാതഹോ!

നവവർഷാശ്ലേഷപുളകിതയാമാ-
നളിനി തന്നുള്ളം തുളുമ്പിയ നാളിൽ
കുതിച്ചു ഞാനൂഴിപ്പരപ്പിലേയ്ക്കന്നാൽ
പതിച്ചിതു കഷ്ടം ശിലാതലം തന്നിൽ!

എടുത്തവിടെനിന്നവളെ, യാവന-
പ്പടപ്പോരമ്മപോൽ പുണർന്നു ലാളിച്ചാൾ;
പരിചിൽ ശാന്തത പരിലസിക്കുമെൻ
പരിസരമെല്ലാം പരമ സുന്ദരം;

കളിയാടീടുവാൻ കുളിരിളം തെന്നൽ,
പുളകം പൂശുവാൻ പുതു കുസുമങ്ങൾ,
കുണുങ്ങിയോടുവാൻ തൃണതലപ്പര-
പ്പിണങ്ങിയെന്നിലന്നഖിലഭാഗ്യവും!

പഠിക്കുവാനായിപ്പല പത്രങ്ങളും
വിടുർത്തി നിന്നിതാ വിപിന ലക്ഷ്മിയാൾ
മദീയഭാഗ്യത്തിൽ മനം മയങ്ങി ഞാൻ
മദാലസയായിച്ചരിച്ചിതിക്കാലം;

തടത്തിൽ നില്ക്കുന്ന ചെടിനിരയെന്നി-
ലിടയ്ക്കു സുസ്മിതം പൊഴിച്ചു പൂക്കളാൽ;
തുളുമ്പിയാനന്ദമകക്കുരുന്നിൽ, ഞാൻ
പളുങ്കു മാല്യങ്ങളവയിലർപ്പിച്ചു.

കിളിനിരകൾ തൻ കളകളസ്വനം
കുളിരിയററിയെന്നകത്തളിരിങ്കൽ;
പകരം ഞാൻ വീണാക്വണിതം മെല്ലമേൽ
പകന്നിതന്നാളപ്പതംഗപാളിയിൽ.

തടില്ലതപോലെ തരളമേനിയിൽ
തടം തല്ലിത്തകത്തൊലിച്ച നാളുകൾ-
മദീയ ജീവിത പ്രഭാത വേളകൾ-
മറഞ്ഞുപോ,യിനി വരില്ലൊരിക്കലും !!

*　　*　　*　　*

പുറത്തു നോക്കി ഞാൻ പുതിയ നീഹാര-
പ്പുതപ്പു നീക്കിയന്നൊരു പുലരിയിൽ
വരണ്ട പാരിടം, ഇരുണ്ട വിണ്ടലം
വരേണ്ടതെന്തിതിൽപ്പരം ദുരിതങ്ങൾ !

ചുരുക്കിയോതിടാ,മവിടുന്നെൻ ഗതി
തിരിച്ചു വിട്ടതാ നിയതി തൻ കരം.
പ്രഭാവധോരണിക്കഭാവമററതാം
പ്രദേശമിപ്പോളെൻ പ്രവാഹപദ്ധതി.

കരുണ തൻ ദിവ്യ കണികകളെന്നിൽ
നിരന്തരം വന്നു പതിക്കുന്നുണ്ടിപ്പോൾ;
ഒരല്ലലില്ലെനിക്കിവിടെയെങ്കിലും
വരുന്നതില്ല മേ സമാധാനം തെല്ലും !

ചെറുക്കന്നെൻഗതി ചിറയാലേ ചിലർ
മറുത്തുപോകുവാനശക്തയാണു ഞാൻ;
മലയ്ക്കുമാഴിക്കുമിടയിൽപ്പെട്ടിപ്പോൾ
മലയ്ക്കുയാണെങ്കിൽ, മലിനയല്ലേതും;
തിരിച്ചു ദിക്കിലേയ്ക്കിനിയൊരിക്കലും
തിരിച്ചുപോകുവാനൊരുങ്ങുകില്ല ഞാൻ.

*   *   *   *

എനിക്കുമുണ്ടേതോ ചിലതെല്ലാമൂഴി-
പ്പരപ്പിനോടൊന്നു പറഞ്ഞു പോകുവാൻ.
വരുന്ന വർഷത്തിൻ സമാഗമത്തിലെൻ
ചിറതകരുകിൽ കൃതാർത്ഥയായി ഞാൻ....!!

തുഷാരഹാരം]   [ഇടപ്പള്ളി രാഘവൻപിള്ള

10

ചൊവ്വര ടി. ബി-യിൽ

അന്തിക്കിപ്പുഴക്കര-
യ്യേകനായിരിപ്പു ഞാൻ
ചിന്തകൾ ചുളു ചുളെ-
ക്കുത്തുന്ന ചിത്തത്തോടും.

ശൂന്യമീ വേനല്ക്കാല-
വിശ്രമഗൃഹം, മുന്ന-
മുന്നതപ്രഭാവനായ്-
പ്പേർപൊങ്ങും ദിവാനൊരാൾ

തന്നുടെ വിലാസവാ-
സത്തിനായ് നിർമ്മിച്ചതാ-
ണിന്നതിൻ പൂന്തോട്ടത്തിൽ-
പാന്ഥൻ ഞാനിരിക്കുന്നു.

ഇത്തോപ്പിന്നിളമതിൽ-
ച്ചുവട്ടിൽപ്പാടിപ്പാടി-
യുൾത്തൃപ്തിയിന്നോളവും
പെരിയാറടങ്ങീല.

അകലത്തൊരു മഹാ-
പുരിതൻ ഞരമ്പുകൾ-
ക്കകമേ നീരോട്ടവാ-
നൽജ്ജ്വലമുഗ്രതരം

ഇവിടെപ്പിടയ്ക്കുന്നി-
തിരുമ്പിൻ ഹൃൽക്കോശങ്ങൾ;
അവയോടൊന്നിച്ചെൻറ-
യുള്ളവും തുടിക്കുന്നു !

വിങ്ങുന്നു വേനൽസ്സന്ധ്യ;-
യുഷ്ണമേവൈലമലം തിങ്ങി-
പ്പൊങ്ങുന്നു ചുരുണ്ടിരു-
ണ്ടന്തരീക്ഷത്തിൻ മുക്കിൽ.

കല്പനാതീതങ്ങളാം
വർണ്ണങ്ങൾ വാനം നീരും
കൈക്കൊൾവൂ; മാറാലപോ-
ലിരുൾ തുള്ളുന്നു കാററിൽ.

ഈ വർണ്ണസങ്കീർണ്ണത-
യ്ക്കുള്ളിൽ നിന്നൊരു കളി-
പ്പൂവഞ്ചിയിഴഞ്ഞിഴ-
ഞ്ഞെത്തുന്നു കൺവെട്ടത്തിൽ.

അന്തരീക്ഷവുമാറും
ശബളപ്രഭാമയ-
മാന്ത്രിക യവനിക
നിവർത്തിപ്പിടിച്ചതിൽ

സുന്ദരസ്ഫുടനിഴൽ-
ച്ചിത്രമായുരുത്തിരി-
ച്ചുന്നമിക്കുന്നു രണ്ടു
തരുണീ ശരീരങ്ങൾ.

അറിയാം, ജലയക്ഷി-
മാരല്ല; വേനൽപ്പാച്ചി-
ന്നണഞ്ഞോരഭിജാത-
സമ്പന്നമാന്യ സ്ത്രീകൾ.

നിശ്ചലമെഴന്നേററു
നില്പ്പയാണൊരുത്തി; നീർ-
ക്കൊച്ചുകാററവളുടെ
ദാവണിയിളക്കുന്നു.

കങ്കണം കിലുങ്ങുന്നു-
ണ്ടെന്നോർത്തേൻ, മറേറവളേ
കൊമ്പത്തു കേറിക്കറും-
നയ്ന്മമായിരിക്കുന്നു.

ജീവിത നീലാഗാധ-
ക്കയത്തിന്മീതേ ഭോഗ-
ശ്രീവിലാസാലസ്യത്തി-
ലൊഴുകും വൈഫല്യങ്ങൾ!

ഇരുളിന്നേറീ കനം;
വണ്ണങ്ങൾ മങ്ങീ; തോണി-
യറിയില്ലിഴഞ്ഞെത്തു
കടവിൽപ്പോയ്പ്പററിയോ?

അന്തരീക്ഷത്തിൻ വക്കിൽ-
ക്കറുത്തും വെറുപ്പിച്ചും
പൊന്തിനില്ക്കുന്നു വന്ധ്യ-
മൂഷ്മളം ഗ്രീഷ്മാംബുദം.

ഉഗ്രമാമേതോ വിഷം
തീണ്ടിയിട്ടാവാം, നദീ
വിഗ്രഹം നീലിച്ചുപോയ്,
തെളിനീർ കരിഞ്ഞുപോയ്.

അവഗാഢമാമൊരു
നോവിനാലെൻ ചേതന-
യവരുദ്ധമായ്; ജീവ-
വാസന മുറിഞ്ഞുപോയ്.

അരികെപ്പിടഞ്ഞോതി-
യിരുമ്പിൻ ഹൃൽകോശങ്ങൾ;
"അഫലം നിരാലംബ-
നിർല്ലേപം നിൻ ജീവിതം".

പാമ്പുപോലിച്ചിന്തയോ
പുളഞ്ഞു നിറം മങ്ങു-
മംബുദത്തിന്മേൽ; തീരെ-
യിരുണ്ടൂ വാനിൻവട്ടം.

കൊച്ചുതൊമ്മൻ] [എൻ. വി. കൃഷ്ണവാരിയർ.

11

താജ്മഹൽ

കണ്ണുനീരിൽക്കഴുകിവെച്ചുള്ള
മുന്നിലെക്കാന്തികന്ദളം,
വെണ്ണിലാവിലൊഴുകിവന്നൊരു
വിണ്ണിലെക്കുന്ദകുഡ്മളം !
അല്ല, ലോകസുഷമയിങ്ങൊരു
തുള്ളിയായ്ത്തൂങ്ങി നില്പൂയോ ?

സ്വച്ഛരാഗത്തിന്നിക്കിരീടത്തെ—
ക്കാഴ്ചവെച്ചുപോൽ ഷാജഹാൻ.
ഇദ്ധരാതലം ചൂടിനില്പൂമീ
മുഗ്ദ്ധമന്ദിരമൌക്തികം
ചക്രവർത്തിതൻ ജീവിതരാവിൻ
ശുക്രനക്ഷത്രമാണുപോൽ.

കൌമുദിയിൽ ഘനീഭവിച്ചോരു
കോമളപ്രേമസ്വപ്നമേ !
കല്ലുകൊണ്ടു കടഞ്ഞെടുത്തൊരു
കല്യരാഗ കവനമേ !
വെൽക, നീലയമുന തൻകര
പുൽകിടും കലാപൂർണ്ണിമേ !

നൽപ്പൂത്തുനിലാവെണ്ണയിൽക്കത്തു-
മുള്ളുത പ്രേമദീപികേ!
രാഗവീപ്പിലൂയർന്നു വന്നൊരു
രാജതോജ്ജ്വലവീചികേ!

സൗര്യമാനസരമ്യമായൊരു
നവ്യശില്പരഹസ്യമേ!
ഹാര്യമല്ലാത്ത ഭാരതീയമാ-
മാര്യഹീരമേ! വെൽക നീ.

സഞ്ചാരിയുടെ ഗീതങ്ങൾ]   [എസ്സ്. കെ. പൊറ്റെക്കാട്ട്

12

ശിശു

പുഞ്ചിരിക്കുളിരൊളി-
ചിന്നിയുല്ലസിക്കുന്ന
പിഞ്ചു പൈതലേ! നിൻെറ
സുപ്രസന്നാസ്യത്തിങ്കൽ

എന്തൊരത്ഭുതാവഹ-
രീതിയിൽ സ്ഫുരിയ്ക്കുന്നു
കാന്തിയും പ്രശാന്തിയും
തൃപ്തിയുമാനന്ദവും.

ഉന്നിദ്ര താരത്തിലോ
പൂവിലോ രത്നത്തിലോ
നിന്നിലുജ്ജ്വലിയ്ക്കുന്ന
തേജസ്സു കാണുന്നീല.

ഏതു പൊൻ കരുവിനാൽ
വിശ്വശില്പീന്ദ്രൻ തീർത്തോ
ശ്രീ തുളുമ്പി മിന്നുന്ന
ദിവ്യമാം നിൻ വിഗ്രഹം!

മോഹനാകൃതി പൂണ്ടോ-
രീലോകമഖിലവും
സ്നേഹപൂർണ്ണമായത്രേ
കാണുന്നു നിൻ കണ്ണുകൾ.

പാവയും വെൺപൂഴിയും
പൂവുമെന്നല്ലാ, ചര-
സ്ഥാവരങ്ങളെല്ലാം നി-
ന്നാത്മ സോദരരല്ലേ.

അഹന്ത! നിൻ ചേതസ്സിൻ
സംശുദ്ധി മനുഷ്യർ ത-
ന്നാഹവോത്സുക ഹൃത്തിൽ
തെല്ലൊന്നു പകർന്നെങ്കിൽ:

വെള്ളിനക്ഷത്രം] [എം. പി. അപ്പൻ.

13

ദത്തപുത്രി

നിന്നിമേഷനായ് നോക്കി-
യെന്നോടദ്ദേഹം ചൊന്നാൻ:
"ഇന്നുതൊട്ടു നീയെൻെറ-
യോമന മകളത്രേ".

പാലാഴിത്തിരപോലെ
ച്ചുളിവീണതാം ഖാദി-
ച്ചേലത്തുവിരിപ്പിട്ട
മെത്തമേൽജ്ജാതോത്സാഹം,

ഒരുകാൽ മടക്കിക്കൊ-
ണ്ടൊരുകാൽ നിവർത്തിക്കൊ-
ണ്ടൊരു കൈ ചക്ക്രുപ്പി-
ച്ചൊരു കൈ നീർന്നുലേന്തി,

ശാന്തസുസ്മിതം പൂണ്ട-
മധരം വിടർത്തല്ലോൽ-
ഭ്രാന്തമെൻഭാവം കണ്ടി-
ട്ടാശ്വസിപ്പിച്ചും കൊണ്ടേ

നിന്നിമേഷനായ് നോക്കി-
യെന്നോടദ്ദേഹം ചൊന്നാൻ:
"ഇന്നുതൊട്ടു നീയെൻെറ-
യോമനമകളത്രേ".

ക്ഷുദ്ധിതൻ പത്തായത്തി-
ന്നുദരം വീക്കാനാർ തൻ
ശുഷ്കാസ്ഥി ജലമായി-
ക്കണ്ടത്തിൽപ്പുതയണം,

അക്കൊട്ടുമശ്ശുദ്ധിതൻ
        വയററിൽപ്പിറന്നു ഞാ-
നജ്ഞതാ സഖിയായി
        നിസ്സ്വതാ നികേതത്തിൽ.

പാടീല താരാട്ടാരും,
        വീഴുവാൻ നേരം പാൎത്തു
പാട്ടു നില്ക്കും കീറോല-
        മേൽക്കൂരക്കൂടല്ലാതെ.

മുകൎന്നീലെൻ ചുണ്ടാരും,
        തകരവിളക്കിന്റെ
പുകയെക്കളിയാക്കും
        നിഴൽമാലയല്ലാതെ.

അനങ്ങാൻ പാടില്ലാതെ-
        യകന്നു മുതിർന്നു ഞാൻ
ജനിച്ചു കുററത്തിന്റെ
        ശിക്ഷയേല്പതുപോലെ.

“ഗാന്ധിജി വന്നിട്ടു”ണ്ടീ-
        യുദ്ഘോഷം പ്രസരിച്ചു.
ഗ്രാമത്തിൻ ഞരമ്പിലോ-
        രോന്നിലുമുത്തേജകം.

“ആരിതെന്നുൽക്കണ്ഠാ തൻ
        തലപൊക്കി നിന്നാടീ
പാരിച്ചു സന്ദേഹത്തിൻ
        കുഴലൂത്തിനോടൊപ്പം.

പലരെപ്പോലേ ഞാനും
        ചെന്നെത്തീ തൽ പാൎശ്വത്തിൽ,
പലരെപ്പോലേ ഞാനും
        കണ്ടിതാ വയസ്സനെ.

രണ്ടുപല്ലടർന്നോരു
        തൊണ്ണുകണ്ടീടും മട്ടിൽ
ച്ചുണ്ടിളിച്ചർത്ഥം വെച്ചൊ-
        രുൽസ്മിതം തൂകീ ശാന്തൻ.

അറിവാകയും ചെയ്തു,
        തമ്പുരാന്മാർക്കും വയ്യും
ചിരിച്ചീടുവാനെന്ന-
        താദ്യമായെനിക്കന്നാൾ.

ആശ്രമത്തിലേയ്ക്കന്നെ
        ക്ഷണിച്ചാനന്നാപ്പുഷ്ടി-
താർഷസൌഭാഗ്യം, പൂർണ്ണ-
        പൂർവ്വതൈജസപൂർണ്ണം.

സമയത്തവിടെച്ചെ-
        ന്നങ്ങനെ നിലയായ് ഞാ-
നമലമെന്നുൾത്തട്ടി-
        ലുദ്വേഗപ്പുളപ്പോടെ.

നിന്നിമേഷനായ് നോക്കി-
        യെന്നോടദ്ദേഹം ചൊന്നാൻ:
"ഇന്നുതൊട്ടു നീയെന്റെ-
        യോമനമകളത്രേ".

മനോരഥം]   [അക്കിത്തം.

14

വൈക്കം കായലിൽ

കരിമാനമൊന്നു മുഖം കറുപ്പിക്കുകിൽ
കലിതുള്ളുമൊരു കായലിന്നരികിൽ
ഒരു കുടിലുണ്ടായിരുന്നു പണ്ടൊന്നർ-
ണ്ടിരുളിൻെറ നിറമുള്ള ജീവികളും.

ഒരു പകലന്തി പടിഞ്ഞാറെരിഞ്ഞെരി-
ഞ്ഞിരുളും പുകയും പരത്തിയപ്പോൾ,
അലറുമാക്കായലിൻ തീരത്തു വന്നു ര-
ണ്ടെരിയുന്ന കണ്ണുകൾ നിന്നിരുന്നു.
ഇരവിൽ മുഴുവനമാനയനങ്ങളാ-
ക്കരയിലലഞ്ഞു തിരഞ്ഞിരുന്നു.

അകലത്തിൽക്കായലിന്നലകൾ മുറിച്ചുകൊ-
ണ്ടവളുടെ മുക്കുവൻ പോയിരുന്നു.
ഒരു ചെറുതോണിയും വലയുമായ് ദൂരെയാ-
ത്തിരകൾ മറിയും ജലപ്പരപ്പിൽ
ഇരുനാഴിക്കഞ്ഞിക്കു വകനേടാനങ്ങനെ
ഇരുനാളുമുമ്പയാൾ പോയപോക്കിൽ,
അലറുന്ന കായലിന്നലമാലയക്ഷിമാർ
അവളുടെ കാന്തൻെറ തോണി മുക്കി.

തലപൊക്കമോളങ്ങൾ പങ്കായക്കോലിൻെറ
തലകൊണ്ടടിക്കുമടികളേല്ക്കു,
ഉരുളുന്ന പിടയുന്ന കായലിലാവല-
ച്ചുരുളുമായ് തോണിയിലെത്തുവോനെ-
പതിവായി വന്നെത്തി മീൻകൊട്ട താഴ്ത്തുമ്പോൾ
പകരമായുമ്മകൾ വാങ്ങുവോനെ
അവളന്നു കണ്ടില്ല; വേദന തിന്നുതി-
ന്നവളുടെ ചിന്തകൾ നൊന്തുവിങ്ങി.

കരയിലൊരന്തിയിൽ നാലഞ്ചുനാൾ കഴി-
ഞ്ഞൊരു വീർത്ത നീലശ്ശവമടുത്തു.
അവളതു കാണുവാൻ പോയില്ല, മീനുക-
ളതു കാൺകൊത്തിപ്പറിച്ചിരുന്നു.

അകലത്തിലെങ്ങാനമന്തിമയങ്ങിയാ-
ലവൾനിന്നു ഞെട്ടിപ്പകച്ചുപോകും.
അലകളിളകിയാൽ, കാറെറാന്നുവീശിയാൽ
അവൾ വിറച്ചോടിയകത്തുകേറും.

അവളുടെ കാന്തനെക്കൊന്നതക്കായലി-
ന്നലകളും സന്ധ്യയും കാററുമല്ലേ?
പിടയുന്ന വേദന, ജീവനിൽ, പ്രാണനിൽ
പടരുന്ന നീററലിൽ വെന്തുനീറി,
കുടിലിൻെറ തിണ്ണയിൽ വീണുപോയപ്പുറ-
ത്തിടിയും മഴയും തണുത്ത കാററും!
കുടിലിൻെറ ചുററിലും നില്ക്കുന്നു മുക്കുവ-
ക്കുടികളിലുള്ള മനുഷ്യസംഘം.

അവളിൽനിന്നന്നേരമന്തരീക്ഷത്തിലേ-
യ്യൂറിയാതെ പൊന്തി രണ്ടീരടികൾ :

"വൈക്കം കായലിലോളം തല്ലുമ്പോ-
ളോക്കും ഞാനെന്റെ മാരനെ;
കാറ്റു വന്നെന്റെ കതകിൽ തല്ലുമ്പോൾ
ഓർക്കും ഞാനെന്റെ മാരനെ !"

മുളങ്കാട്ട്] [വയലാർ രാമവർമ്മ

15

അനുജത്തി

എരിയും പകലിന്റെ
    തീക്കനൽച്ചുട്ടികളുള്ളി-
ലുരുകും മുകിലിന്റെ
    പൊൻതകിടുകളാലേ

രാവിനു നക്ഷത്രപ്പൊൻ-
    മുത്തുമാലകൾ തീർക്കു-
മാവിദൂരമാം ചക്ര-
    വാളത്തെച്ചൂണ്ടിക്കാട്ടും

നടപ്പാതയിലേയ്ക്കു
    ഞാനിറങ്ങവേ, വീട്ടിൻ
പടിവാതിലിൽ നിന്നു-
    മമ്മിണി വിളിച്ചോതി:

“പട്ടുപാവാടേം മാലേം
    മറന്നേയ്ക്കല്ലേ!” വീണ
മീട്ടുന്നു മധുരമാം
    ശൈശവ പ്രതീക്ഷകൾ.

തിരിഞ്ഞുനോക്കിച്ചിരി-
    ത്തൂകി ഞാൻ നടന്നുപോയ്;
എരിഞ്ഞടങ്ങീ ദൂരെ-
    പ്പകലിൻ വെളിച്ചങ്ങൾ.

നീലിച്ചനിഴൽ വിരി-
    പ്പണിഞ്ഞു നിശാഗമ-
വേളയിലെൻ നാട്ടിലെ-
    പ്പഞ്ചാരമണൽപ്പാത.

ആ വിളിയുടെ തിര-
    ക്കോളിളക്കമെന്നുള്ളി-
ലാവഴി നടന്നേറെ-
    പ്പോന്നിട്ടുമടങ്ങീല.

എന്തിനോ തിരിഞ്ഞൊന്നു
    നോക്കിപ്പോയ് ഞാനെൻ വീട്ടി-
ന്നുമ്മറത്തെയാനില-
    വിളക്കിൻ തിരിവെട്ടം

അകലെയകലെയായ്
    തുടിക്കും പ്രതീക്ഷത-
ന്നരിയ തെളിനാളം
    പോലതാ തിളങ്ങുന്നു.

ഓളങ്ങൾ താളം വെച്ചു-
    മക്കായൽപ്പരപ്പിലൂ-
ടാലോലമുലഞ്ഞുല-
    ഞ്ഞങ്ങനെ നീങ്ങും ബോട്ടിൽ,

തണുപ്പൻ കാററിൽത്തടി
    വിറയ്ക്കേ,ക്കുനിക്കൂടി-
യിരിപ്പൂ ഞാനെൻ തപ്ത-
    ചിന്തയാമുൾച്ചൂട്ടുമായ്.

ദൂരെയത്തെങ്ങിൻകൂട്ടം
തിങ്ങിനിൽക്കുമെൻ നാട്ടിൻ
തീരരേഖയോ തീരെ
നേർത്തു നേർത്തതാ മാഞ്ഞൂ.

അമ്പിളിക്കല മേഘ–
വാതിലിന്നിടയ്ക്കൂടെ–
ന്നമ്മണിയെപ്പോൽകള്ള–
ച്ചിരിയൊന്നെറിയുന്നു.

''ചട്ടപാവേടേം മാലേം''–
അക്കിളിക്കുഞ്ഞിൻ നേർത്ത
ശബ്ദമെൻ കരളിലെ–
ക്കിളിയെപ്പിടപ്പിച്ചു.

'ഇന്നലെ'യുടെ ചിത്ര–
പുസ്തകത്തിലെപ്പുറ–
മൊന്നൊന്നായ് നിവർത്തിയെ–
ന്നോർമ്മകൾ വിരൽ ചൂണ്ടി.

താറുമാറാകും തറ–
വാട്ടിനെ നെടുനാളായ്
താങ്ങി നിൽക്കുമപ്പടു–
വൃദ്ധനാം തൂണിൽച്ചാരി,

എങ്ങനെ പരീക്ഷയ്ക്കു
ഫീസ്സടയ്ക്കുവാനെന്ന
ചിന്തതൻ കനൽച്ചാത്തിൽ
നീറി ഞാനിരിക്കവേ,

അപ്പുറത്തനുജത്തി–
യെന്തിനോ പിണങ്ങുന്നി–
"തപ്പുവണ്ണ"നെച്ചൊല്ലി–
യാശ്വസിപ്പിക്കുന്നമ്മ.

പിന്നെയും പിണക്കമാ–
ണമ്മിണി; യിണക്കവും
കിന്നാരങ്ങളുമോതി
മാറാതെ നില്പുണ്ടമ്മ.

കൺകോണിലൂറും തൂവെൺ–
മുത്തുപോൽ മിന്നുന്നൊരു
സ്വർണ്ണമാലയുമായി–
ട്ടൊട്ടുവിലവൾ വന്നു.

നൊമ്പരം തുളുമ്പീലേ–
യമ്മിണീ! നിൻ കൈവിരൽ
ത്തുമ്പിലും, നീയാമാല
ചേട്ടന്നു നീട്ടീടവേ?

ഫീസ്സിനാണെൻ പൊന്നനു–
ജത്തി! നിൻ പണ്ടം വിററു
കാശ്ശു മാറിപ്പോയ്, ഞാനീ
ബിരുദം വാങ്ങിപ്പോയി!

തപ്തചിന്തകളുടെ
തീക്കനൽച്ചൂളയിൽക്കണ്ണീർ
മുത്തുകൾ നിനക്കായ് ഞാൻ
വാർത്തുകൂട്ടുന്നു; പക്ഷേ,

കോക്ക്വാനായുന്നീലെ–
ന്നോമനേ!യിഴപൊട്ടു–
ന്നൊക്കെയുമടർന്നട–
ന്നെൻമുന്നിൽച്ചിതറുന്നു.

പട്ടണം, വെളിച്ചത്തിൻ
    കര, നേക്കട്ടക്കവേ
ബോട്ടിലെ മണിച്ചര–
    ട്ടണത്തീ നാദം "ണിങ്ങ് ണിങ്ങ്."

ഇരവിൻ നടുവിലി–
    പ്പാതയിലിറങ്ങി ഞാൻ;
വിളറിച്ചിരിക്കുന്ന
    തെരുവു വിളക്കുകൾ

എൻ നിഴൽച്ചിത്രം നീട്ടി–
    ക്കുറുക്കി, വീണ്ടും നീട്ടി,
മുന്നിലുമെൻ പിന്നിലും
    വരച്ചും മാച്ചും നിൽപൂ.

"എത്രയും പ്രിയപ്പെട്ടൊ–
    രപ്പുവണ്ണന്"വേണ്ടി–
യെത്ര കത്തുകളെൻെറ–
    യമ്മിണിയെഴുതിപ്പോയ്!

ചേലുററതല്ലാ നാലാം–
    ക്ലാസ്സുകാരിതൻ കാക്ക–
വാലനാം കൈയക്ഷരം;
    തെളിവേല്ലുമാത്താളിൽ

അശകളരിയ പൊൻ–
    നൂലിഴകളാൽ നെയ്ത
പേശല ചിത്രാങ്കിത–
    ഭംഗിയല്ലി ഞാൻ കാൺമൂ?

"സുഖമോ? വല്ലോംജോലി
കിട്ടിയോ? വരാത്തതെ-
ന്തിനിയുമണ്ണൻ?" കാണാ-
നമ്മിണി കൊതിക്കുന്നു;

"പട്ടുപാവാടേം മാലേം
കൊണ്ടുപോരണേ...." വീണ്ട-
മീട്ടുന്നു വീണ്ടും വീണ്ടും
ശൈശവ പ്രതീക്ഷകൾ.

വേദന പകരുമാ
വീണതൻ മൃദുനാദ-
മാധുരിയുൾച്ചേർന്നതാ-
ണിന്നുമെൻ ഹൃൽസ്പന്ദങ്ങൾ

വെയ്ലല പാറും പകൽ
തോറും വെണ്ണിലാവിൻെറ
നെയ്തലാമ്പൽപ്പൂ നീളേ
വിരിയും നിശതോറും

ഞാനുമെൻ നിഴലുമൊ-
ത്തലഞ്ഞു തിരിഞ്ഞു പോ-
മീനഗരത്തിൻ നീണ്ട
പാതകൾക്കിരുപാടും

കളിക്കോപ്പുകൾക്കല്ല,
മുലപ്പാലിനായ്, കഞ്ഞി-
ത്തെളിക്കായ്, കുഞ്ഞമ്മിണി-
മാരെത്ര കരയുന്നു!

താരങ്ങളെരിഞ്ഞടർ-
ന്നിമ്മണ്ണിൽപ്പതിച്ചതിൻ
ചാരമാണവ, യെന്നാ-
ലിപ്പൊഴും തുടിക്കുന്നു!

"ഓണമായ്; വരാത്തതെ-
ന്തിനിയും"? ഒരുനോക്കു
കാണുവാൻ കൊതിപെരു-
ത്തമ്മിണിയെഴുതുന്നു!

അരിമുല്ലതൻ കാതി-
ലോണത്തുമ്പികൾ നാദം
ചൊരിയുന്നൊരാവീട്ടു-
മുററത്തെപ്പൂതമണ്ണിൽ

ഏറെനാൾ കഴിഞ്ഞന്നൊ-
രന്തിയിൽ കാലൂന്നവേ
പാറുകയായെൻ കണ്ണുകൾ
വെമ്പലാന്നേന്തോ തേടി

എന്നെ വന്നതാ ചുററി
തേടിയ പൂവള്ളികൾ-
അല്ലല്ലെന്നനുജത്തി
നീട്ടിയോരിളംകൈകൾ.

നനവുററ രണ്ടോമൽ
നയനങ്ങളെൻ നേക്കാ-
യണയുന്നത്യാഹ്ളാദ-
മാണിതിൻ തിളക്കങ്ങൾ.

"അണ്ണനെന്തിതു വരേം
വന്നില്ല"? പരിഭവ-
മങ്ങനെ തുടങ്ങി; ഞാൻ
ചോദിച്ചു "വേണ്ടേ മാല?"

"ഇനിയുമെങ്ങും പോവേ-
ണ്ടണ്ണന്" അപ്പൊഴേയാശാ-
മണിവീണയിൽ വീണ്ടും
തൊട്ടുഞാൻ; "വേണ്ടേമാല?"

"ഒന്നും വേണ്ടിനിയണ്ണ-
നെങ്ങും പോവരു"തെന്നെൻ
കണ്മണി പറകെയ-
ക്കണ്ണുകൾ നിറഞ്ഞുപോയ്.

നിശ്ചലമൊരേനില
നില്ലുഞാൻ; എൻകൈയിൽ നി-
ന്നച്ചെറു കടലാസു-
പൊതി വീണുപോയ്ത്താഴേ.

അണ്ണന്റെ മടക്കത്തിൻ
വാൎത്തയുമായിട്ടവ-
ളമ്മതന്നടുക്കലേ-
യ്ക്കോട്ടമായരിന്നിടെ.

അമ്പിളിക്കലയാകും
പാൽച്ചിരിക്കുട്ടക്കയെ-
ന്നമ്മിനിയെപ്പോൾ ലോടി-
ക്കളിപ്പൂ വിൺമുററത്തിൽ.

മോഹിക്കുന്ന പാനപാത്രം] [ഒ. എൻ. വി. കുറുപ്പ്

16

ഏകകുടുംബം

നട്ടുവെയ്‌ലിൽ കുനിഞ്ഞു നിരന്നു
കററകൊയ്തു മുന്നേറിടും നേരം,
മുഗ്ദ്ധശ്യാമമുഖങ്ങളിൽ വേർപ്പു
മുററിമുററിക്കിനിഞ്ഞിറങ്ങുമ്പോൾ,
പററെ വെച്ചരിയപ്പെട്ടും നെല്ലിൻ
കററ ഞെങ്ങി ഞെരങ്ങവേ ദീനം,
ഞാനുമെന്നഭിമാനവും തങ്ങി-
യോലവട്ടക്കുടക്കീഴരുമ്മി.
താൾപ്പിടി പെറുക്കീടുവാൻ ചൂഴം
കോപ്പിടുന്നൊരു പിള്ളരെയാട്ടി,
തീപ്പൊരിയും വയൽവരമ്പിന്മേൽ
വീപ്പുമുട്ടിയെൻ മിഥ്യാഭിമാനം.

പൊള്ളും വെയ്‌ലിലുരുക്കിയൊഴിച്ച
വെള്ളിപോലെ തിളങ്ങുന്നു ലോകം.
അക്കരപ്പച്ച ചാർത്തിയ തെങ്ങി-
ന്നുച്ചിയിങ്കലൊതുങ്ങിയിരിപ്പൂ
നൽപ്പരുന്തൊന്നു; വ്യാപരിക്കുന്നു-
ണ്ടിപ്പൊഴുമതിൻ കണ്ണുകൾ കീഴേ.

ചെന്നിയിങ്കൽ കുറുനിര നക്കും
ഘർമ്മധാരകളൊപ്പിം,യാത്തുക്കി,
ചെന്നെൽക്കററകൾ താങ്ങിയെടുത്തു
മണ്ണിൻ മക്കൾ നടക്കുകയായി.
കാൽമടമ്പുകൾ ചുട്ടുപതയ്ക്കു-
മാവരമ്പിനും സ്നിഗ്ദ്ധത ചാർത്തി,

മാറിടം മുന്നിലേന്തിത്തുളമ്പി
മാറിമാറിയക്കൈയുകൾ വീശി,
പൂനിലാവാക്കി വെയിലിനെമാററി
ഗ്രാമസ്ത്രീകൾ കുണുങ്ങിനടന്നു.

ഓലവട്ടക്കുടയും പിടിച്ചു
ഞാനിവിടത്തിൽ കാവൽ നില്ക്കുന്നു.
പച്ചിലച്ചാർത്തിൽപ്പക്ഷമൊതുക്കി
വിശ്രമിക്കും മുളങ്കിളിക്കൂട്ടം
എത്തിനോക്കിത്തല വലിക്കുന്നു
പത്രസഞ്ചയ സമ്പുടത്തിൽത്താൻ.
കൊക്കിൽക്കൊത്തിയെടുത്ത കതിർകൾ
നൊട്ടിനൊട്ടിനുണയ്ക്കുമാവർഗ്ഗം
അത്ഭുതാധീനമായതീ നില്പി-
ന്നർത്ഥശാസ്ത്രം തിരിയായ്കകൊണ്ടാം.

വേദനകൊണ്ടു വിങ്ങുകയാണെൻ
ചേതനയൊന്നു ഞാനറിയാതെ.
ഗ്രാമലക്ഷ്മിക്കു പൊന്നണിചാർത്താൻ,
ഗ്രാമത്തിൻനിലനില്പു പുലർത്താൻ,
സാഹസപ്പെട്ടും സോദരിമാരേ!
ഹാഹാ! നിങ്ങൾക്കു കാവലാളോ ഞാൻ?

തോളിൽത്തോൾചേർത്തു കൈയോടുകൈചേ-
ർത്താളിമാർപോലെ നമ്മളൊന്നിക്കും.
കാവലാളില്ല കള്ളമില്ലന്നാൾ,
കേവലം നമ്മളേകകുടുംബം!

ഗ്രാമശ്രീകൾ] [കെ. മാധവിയമ്മ.

17

ആദ്യത്തെ തീവണ്ടി

ഉത്സവമാണിന്നെൻെറ നാട്ടുകാക്കെല്ലാം; തമ്മിൽ
മത്സരിക്കുന്നു നവാഹ്ളാദവുമുത്സാഹവും.
എന്തുകൊണ്ടെന്നോ? ഞങ്ങൾ നിമ്മിച്ച പാലത്തിലൂ-
ടെത്തുന്നതിന്നാണാവിവണ്ടിയുമാഘോഷവും.

ചെന്നപാരതയുടെ കൈകളിൽ പിടിക്കുവാ-
നെന്നപോൽ സമാന്തരം പായുന്ന പാളങ്ങളെ
പുലരിക്കതിർവന്നു മുത്തവേ പരക്കുന്ന
പുതിയ തിളക്കമീ ഞങ്ങളിൽപ്പകരുന്നു.

അത്തിളക്കത്തിൽക്കാണാം ഞങ്ങൾ തന്നജയ്യമാം
ശക്തിയുമാത്മാവിൻെറ ദീപ്തിയും വിശ്വാസവും.
കുന്നുകളറഞ്ഞറഞ്ഞൊക്കെയും നിരപ്പാക്കി,
മണ്ണുകൊണ്ടു കലത്തെക്കായലിൽച്ചിറകെട്ടി,
കാരുരുക്കരുക്കുന്ന വേനലോടടരാടി-
ക്കാത്തുകാത്തവസാനം ഞങ്ങളീജയം നേടി.

എല്ലിനോടവിരാമമേററുമുട്ടിയ കരി-
ങ്കല്ലുകളെല്ലാം വേപ്പുനീരുവീണലിഞ്ഞുപോയ്-

ഓർമ്മയിലദ്ധ്വാനത്തിൻ വേദന ചിരിക്കവേ
കോൾമയിർക്കൊള്ളുന്നിതാ ഞങ്ങളും ഗ്രാമങ്ങളും.
ആരുമില്ലിതുമായിബ്ബന്ധമില്ലാത്തോർ; വേല-
ക്കാരുടെ നാട്ടിൽ ഞങ്ങളൊക്കെയുമൊന്നാണല്ലോ.

അക്കരെ റോഡിൽക്കൂടിക്കാളവണ്ടികളെങ്ങാൻ
'കക്കടം കടകടം' ശബ്ദമുണ്ടാക്കുമ്പൊഴേ
ആയിരം നയനങ്ങൾ വിരിയുന്നതൽകണ്ടയാ–
ലാവതും വേഗം കൂമ്പിപ്പോകുന്നു നൈരാശ്യത്താൽ.

പൈക്കളെക്കറക്കാതെ, മുററവുമടിക്കാതെ,
യെത്രയും തിട്ടക്കത്തിലെത്തിയ മൈക്കണ്ണിമാർ
എത്രമേൽ നിയന്ത്രിച്ചു നിത്തീട്ടമവരുടെ
മുഗ്ദ്ധമാം കണ്ണങ്ങളിൽക്കുരവക്കളുർന്നാദം!
തീവണ്ടി കാണാൻവെമ്പിക്കരയും കുഞ്ഞുങ്ങളെ–
ത്തായമാരുടെ ചുണ്ടും സൂച്ചനം ചുവപ്പിച്ചു.

ബീടിയാൽ ക്ഷമകേട്ടു ചുട്ടെരിക്കുവോർ, ജയം
നേടിയ സേനാനികൾ പോലെഴും ചെറുപ്പക്കാർ,
ഇളകും ജനങ്ങളെ വേണ്ടപോൽ നിയന്ത്രിച്ചു–
മിടയിൽ സമാശ്വസിപ്പിച്ചുമങ്ങിനെ നിൽപ്പൂ.

കണ്ണിന്നു കയ്യാൽത്തണലേററിയും, വിറയ്ക്കുന്ന
തൊണ്ടയാൽ ചെറുപ്പത്തെയെപ്പൊഴും ശകാരിച്ചും,
കാത്തുനില്ക്കുന്നൂ പുത്തൻ കൂത്തുകാണുവാനേറെ
വേർപ്പുനീരൊഴുക്കിയ പണ്ടത്തെയദ്ധ്യാനങ്ങൾ.

വിണ്ണിനെക്കലുക്കുന്ന ശബ്ദമൊന്നതാ കേൾപ്പൂ;
കുന്നുകൾ കലുങ്കുകളൊക്കെയും തകരുന്നോ?
മാറിനിൽക്കുവിൻ, പരിഭ്രാന്തരാകൊല്ലാ, കൊടി–
ക്കൂറകൾ പാറിക്കുവിനാക്കുവിനാഹ്ളാദിക്കിൻ!

ധൂമരേഖകളതാ വാനിനെത്തഴുകുന്നു
ഗ്രാമചേതന ചൂളം വിളികേട്ടുണരുന്നു.
ഹാ! നിമിഷങ്ങൾക്കിത്രവേഗമോ? മുഴങ്ങുന്ന
പാലവും കടന്നാവിവണ്ടി ദാ, പറക്കുന്നു.

ആവിയും ചക്രങ്ങളും പാളവുമവയുടെ
ഭൂവിനെ പ്രകമ്പനം കൊള്ളിച്ച നിർഘോഷവും!
നീണ്ടുപോകുന്നു നാദവീചികൾ പാടങ്ങളിൽ,
നീലമൈതാനങ്ങളിൽ, കുന്നടിവാരങ്ങളിൽ.

അവയോടിട കലർന്നൊന്നിച്ചു പൊങ്ങുന്നെങ്ങു-
മഭിമാനത്തിൻ ഭേരി മുഴക്കും ഹൃൽസ്പന്ദങ്ങൾ.
മാറിലൂടോരായിരമാനകൾക്കൊപ്പം കരു-
ത്തേറിട്ടുമുരുക്കിൻെറ ഭാരങ്ങൾ പായുമ്പൊഴും,
ഒററമൺതരിപോലുമിളകീലവയിലേ-
യ്ക്കിററുവീണതാം വേർപ്പിൻ ശക്തിയത്ഭുതശക്തി.!

[തിരുനല്ലൂർ കരുണാകരൻ.

COVER PRINTED BY THE S.G.P. AT THE GOVERNMENT
PRESS, TRIVANDRUM.